"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

മൃഗസംരക്ഷണ(ഇ) വകുപ്പ്

നമ്പർ.E3/267/2021-AH 26-09-2024,തിരുവനന്തപുരം

## നോട്ടീസ്

മൃഗസംരക്ഷണവകുപ്പിലെ വെറ്ററിനറി സർജനായ ഡോ. അബിദ ഹമീദ് എന്ന താങ്കളെ അറിയിക്കുന്നതെന്തെന്നാൽ സർക്കാർ ജീവനക്കാരുടെ പെരുമാറ്റചട്ടലംഘനം നടത്തുകയും അവധി അനുവദിക്കാതെ വിദേശത്ത് പോവുകയും അവിടെ തുടരുകയും അനധികൃതമായി സർക്കാർ ജോലിക്ക് ഹാജരാകാതിരിക്കുകയും ചെയ്ത താങ്കളെ കെ.സി.എസ്.(സി.സി.&എ) റൂൾസ് 1960, റൂൾ 11(i)(Viii) അനുശാസിക്കും പ്രകാരം സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിന് സർക്കാർ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. ഈ തീരുമാനം സ്ഥിരപ്പെടുത്താതിരിക്കാൻ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ നിർദേശിച്ചുകൊണ്ടുള്ള 17.05.2024-ലെ E3/267/2021-AH നോട്ടീസ് താങ്കളുടെ അറിയാവുന്ന മേൽവിലാസത്തിൽ അറിയിച്ചിരുന്നു. എന്നാൽ നോട്ടീസ് കൈപ്പറ്റിയതിന്റെ പകർപ്പോ മറുപടിയോ നാളിതുവരെ ലഭിച്ചിട്ടില്ല. അതിനാൽ, ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനുള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ കുറ്റപത്രത്തിന് താങ്കളുടെ ലിഖിതമായ വിശദീകരണം ലഭിക്കാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊരു എതിർവാദവും ബോധിപ്പിക്കുവാനില്ല എന്ന് അനുമാനിക്കുന്നതും ഇനിയൊരറിയിപ്പ് നല്കാതെ തന്നെ താത്ക്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നതിന് നടപടികൾ എടുക്കുന്നതുമാണ്. കാരണം കാണിക്കൽ നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിതകാലാവധിയ്ക്ക് മുമ്പ് ഗവൺമെന്റ് സെക്രട്ടറിയേറ്റിലെ മൃഗസംരക്ഷണ (ഇ) വകുപ്പിൽ നിന്നും ഓഫീസ് പ്രവൃത്തി സമയങ്ങളിൽ വന്ന് നേരിട്ട് കൈപ്പറ്റാവുന്നതോ അല്ലെങ്കിൽ താങ്കളുമായി കത്തിടപാട് നടത്താൻ കഴിയുന്ന കൃത്യമായ നിങ്ങളുടെ കൃത്യമായ മേൽവിലാസം രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷ സമർപ്പിക്കുന്ന പക്ഷം പ്രസ്തുത മേൽ വിലാസത്തിലേക്കോ അയച്ചുതരുന്നതുമായിരിക്കും.

പ്രണബ്ജ്യോതി നാഥ് ഐ എ എസ്
സെക്രട്ടറി
മൃഗസംരക്ഷണ (ഇ) വകുപ്പ്

Window No Iprd/......................................................
സെക്രട്ടറി,
മൃഗസംരക്ഷണ വകുപ്പ്,

ഗവണ്മെന്റ് സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം.

അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്ന മൃഗസംരക്ഷണ വകുപ്പിലെ വെറ്ററിനറി സർജനായിരുന്ന ഡോ. അബിദ ഹമീദിനെതിരെയുള്ള അച്ചടക്കനടപടി. ടി നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം വിശദീകരണം സമർപ്പിക്കേണ്ടതാണ്.

വിശദ വിവരങ്ങൾക്കായി താഴെ പറയുന്ന വെബ് സൈറ്റ് സന്ദർശിക്കുക. www. kerala.gov.in